**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 633** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ക്ഷേമപദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. ജയന്ത്

ശ്രീ. കെ. പി. നൗഷാദ് അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിലെ നവജാത ശിശുമരണം തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u> പട്ടികവർഗ മേഖലകളിലെ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമ്പൂർണ ആരോഗ്യ സംരക്ഷണത്തിനുമായി സാമൂഹ്യനീതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുമായി ഏകോപിച്ച് വിവിധ ക്ഷേമ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. അട്ടപ്പാടിയിൽ പാലക്കാട് ജില്ലാ കളക്ടറുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ നിരന്തരം അവലോകന യോഗങ്ങൾ ചേർന്ന് ശിശുമരണങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.**

**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സംസ്ഥാനത്തെ വിവിധ ഊരുകൾ സന്ദർശിച്ച് ഗർഭിണികളായ സ്ത്രീകളുടെയും ശിശുക്കളുടെയും ആരോഗ്യം ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരുടെ സേവനം ഉപയോഗിച്ച് വിലയിരുത്തുന്നു. കൂടാതെ ആവശ്യമായ ലാബ് പരിശോധനകൾ സ്ഥലത്തു തന്നെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ-പോഷക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വിലയിരുത്തുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.**

**കേരളത്തിലെ പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി 'ജനനി ജന്മരക്ഷാ പദ്ധതി' നടപ്പിലാക്കിയും, സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കിയും, നവജാത ശിശുമരണം പൂർണമായും നിർമൂലനം ചെയ്യുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികളുടെയും ഇടപെടലുകളുടെയും ഫലമായി പട്ടികവർഗ മേഖലകളിലെ ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.**

**(ബി)** പോഷകാഹാര കുറവുകൊണ്ടും ചികിത്സ വേണ്ട സമയത്ത് ലഭിക്കാത്തതുകൊണ്ടും ഉണ്ടാകുന്ന മാതൃ-ശിശു മരണങ്ങൾ തടയുന്നതിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u> മാതൃ-ശിശു മരണങ്ങൾ തടയുന്നതിനായി ഇതിനോടകം നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. സംസ്ഥാന തലത്തിൽ വകുപ്പ് മന്ത്രിയും, വകുപ്പ് അധ്യക്ഷനും, ജില്ലാ തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരും നിരന്തരം അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നു. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി അട്ടപ്പാടിയിൽ പ്രതിവാര അവലോകന യോഗങ്ങൾ നടത്തി വരുന്നു. പാലക്കാട് ജില്ലാ കളക്ടർ, നോഡൽ ഓഫീസർ (ഒറ്റപ്പാലം സബ് കളക്ടർ), എം.പി, എം.എൽ.എ എന്നിവരുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേർന്ന് മാതൃ-ശിശു മരണങ്ങൾ തടയുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.**

**വകുപ്പിന്റെ കീഴിലുള്ള മോബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴി ഊരുകൾ സന്ദർശിച്ച് ഗർഭിണികളുടെയും ശിശുക്കളുടെയും ആരോഗ്യസ്ഥിതി പരിശോധിക്കുകയും, ആവശ്യമായ ലാബ് പരിശോധനകൾ സ്ഥലത്തുതന്നെ ലഭ്യമാക്കുകയും ചെയ്യുന്നു. പട്ടികവർഗ മേഖലകളിലെ ആരോഗ്യ-പോഷകാഹാര പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വിലയിരുത്തുന്നതിനായി നിയമിച്ച ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിന്റെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. നവജാത ശിശുമരണങ്ങൾ പൂർണമായും നിർമ്മൂലനം ചെയ്യുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.**

**അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതിയാണ് 'ഊരിന്റെ താരാട്ട്'. ഈ നടപടികളുടെയും ഇടപെടലുകളുടെയും ഫലമായി പട്ടികവർഗ മേഖലകളിലെ ശിശുമരണ നിരക്കിൽ ഗണ്യമായ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്.**

**(സി)** പട്ടിക ഗോത്രവർഗ്ഗക്കാർക്കായി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം അവരെ സ്വയം പര്യാപ്തരാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

**<u>മറുപടി:</u> വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ട് വന്ന പട്ടികവർഗക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനൊപ്പം, അവർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഒരു ഉപജീവന മാർഗ്ഗം സ്വായത്തമാക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനുമായി നിരവധി പദ്ധതികൾ പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. അഭ്യസ്തവിദ്യരായ എല്ലാവർക്കും സർക്കാർ മേഖലകളിൽ ജോലി ലഭിക്കാത്ത സാഹചര്യത്തിലും ആധുനിക സ്വകാര്യ തൊഴിൽ മേഖലകളിലും കൂടി സംസ്ഥാനത്തെ പട്ടികവർഗ യുവതീ-യുവാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഏവിയേഷൻ, ആട്ടോമൊബൈൽ, ഡിജിറ്റൽ മീഡിയ, ടൂറിസം & ഹോസ്പിറ്റാലിറ്റി, പ്ലാസ്റ്റിക് പ്രോഡക്ട് മാനുഫാക് ചറിംഗ്, ആട്ടോ മൊബൈൽ തുടങ്ങിയ മേഖലകളിൽ സംസ്ഥാന/കേന്ദ്ര/അന്തർദേശീയ അംഗീകൃത തൊഴിൽ പരിശീലനം നൽകി പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് വിവിധ സ്വകാര്യ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നു.**

**പട്ടികവർഗ വിഭാഗക്കാർക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം, അവരെ സ്വയംപര്യാപ്തരാക്കുന്നതിനും സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിനുമായി പട്ടികവർഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. "കാർഷിക വരുമാനദായക ഉദ്യമം പദ്ധതി"യിൽ ഉൾപ്പെടുത്തി ആറളം, എ.സി.എഫ്.എസ്, പ്രിയദർശിനി ടീ എസ്റ്റേറ്റ് പോലുള്ള ഫാമുകളിൽ താമസിക്കുന്ന പട്ടികവർഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ച് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിലൂടെ അവരുടെ ജീവനോപാധി വർധിപ്പിക്കുന്നതിനുള്ള നടപടിയും**

സ്വീകരിച്ചു വരുന്നു. ഇതിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ദാരിദ്ര്യനിവാരണത്തിനും സഹായകരമായ സാഹചര്യം ഉണ്ടാകുന്നു.

പട്ടികവർഗ വിഭാഗക്കാരുടെ സാമ്പത്തിക ശാക്തീകരണത്തിനും ഉപജീവന സുരക്ഷയ്ക്കുമായി മൃഗസംരക്ഷണം, കോഴിവളർത്തൽ, മത്സ്യകൃഷി, ചെറുകിട വ്യാപാരം, കൈത്തൊഴിൽ തുടങ്ങിയ മേഖലകളിലുള്ള വ്യക്തിഗത, ഗ്രൂപ്പ് അടിസ്ഥാന പദ്ധതികളിലൂടെ സാമ്പത്തിക സഹായവും പരിശീലനവും വകുപ്പ് നൽകി വരുന്നു. കാർഷിക ഉപകരണങ്ങളുടെ വിതരണം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത, വിപണന സഹായം എന്നിവയും വിവിധ പദ്ധതികളിലൂടെ ഉറപ്പാക്കുന്നു. ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും ഉൽപ്പാദനങ്ങൾക്ക് മെച്ചപ്പെട്ട വിപണി ഉറപ്പുവരുത്തുന്നതിനുമായുള്ള പിന്തുണയും നൽകിവരുന്നു.

പട്ടികവർഗ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിനും അവരെ സ്ഥിരവരുമാനമുള്ള ഉപജീവന മാർഗ്ഗങ്ങളിലേക്ക് നയിക്കുന്നതിനുമായി വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പ്രത്യേകിച്ച് "കാർഷിക വരുമാനദായക ഉദ്യമം" പോലുള്ളപദ്ധതികൾ വഴി പുനരധിവാസം, തൊഴിൽ ലഭ്യത, വരുമാനവർധനവ്, സാമ്പത്തിക സ്വയംപര്യാപ്തത എന്നിവ കൈവരിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തി വരുന്നു. ഇതുവഴി പട്ടികവർഗ കുടുംബങ്ങളുടെ ജീവിതനിലവാരം "മെച്ചപ്പെടുകയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ